(ബി) ഉണ്ടെങ്കിൽ ഓരോ കോടതികളിൽ എത്ര കേസുകളിൽപെട്ട വസ്തുക്കൾ നടത്തിക്കൊടുത്തു;

(സി) അങ്ങിനെ നടത്തിക്കൊടുത്തത് ആക്ടിന്റെ ര–ാംവകുപ്പിലെ പ്രൊവൈസോ അടിസ്ഥാനമാക്കിയാണോ;

(ഡി) കാണപ്പാട്ടം എന്ന പേരിൽ കാണുന്ന ആധാരങ്ങളിൽപെട്ട വസ്തുക്കൾ ഒറിയോ നടപ്പുപണയമോ ആണെന്നു വ്യാഖ്യാനിച്ച് വല്ല കോടതികളും വസ്തുക്കൾ നടത്തിക്കൊടുത്തിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി)

ക.	ഡിസ്ട്രിക്ട് മുൻസിഫ് കോട്ട്, പറവൂർ	ര
ഖ.	ടെമ്പററി മുൻസിഫ് കോട്ട്, പെരുമ്പാവൂർ	ക
ഗ.	ഡിസ്ട്രിക്ട് മുൻസിഫ് കോട്ട്, നെടുമങ്ങാട്	ഖ
ര.	ഡിസ്ട്രിക്ട് മുൻസിഫ് കോട്ട്, കൃഷ്ണപുരം	ക
ങ.	പ്രിൻസിപ്പൽ മുൻസിഫ് കോട്ട്, ചേർത്തല	ഗ
ച.	ടെമ്പററി മുൻസിഫ് കോട്ട്, ചേർത്തല	ക ര
ഛ.	പ്രിൻസിപ്പൽ മുൻസിഫ് കോട്ട്, ആലപ്പുഴ	ഖ
ജ.	അഡീഷനൽ മുൻസിഫ് കോട്ട്, ആലപ്പുഴ	ഖ ഠ
ഝ.	ഡിസ്ട്രിക്ട് മുൻസിഫ്കോട്ട്, ചങ്ങനാശ്ശേരി	ങ
	ആകെ	ങ്ങ

(സി) ചില കേസുകളിൽ.

(ഡി) ഉണ്ട്, മൂന്നു കേസുകളിൽ.

പ്രമേയങ്ങൾ

*ക ഖ ങ്ങ ര. (ങ്ങഖ) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ.—

(എ) ക ക ഖ ങ്ങ വൃശ്ചികം ക വ്യ–ാംതീയതി മുവാറ്റുപുഴ താലൂക്കിൽ, കുട്ടമംഗലം പകുതിയിൽ, മന്നാംകണ്ടംകര, ചാറ്റുപാറ എന്ന സ്ഥലത്തുകൂടിയ അവശ്യസമുദായ സമ്മേളനത്തിൽ പാസ്സാക്കി ഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ള പ്രമേയങ്ങൾ ഗവൺമെന്റിന്റെ സജീവ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തു;

(സി) പ്രസ്തുത മന്നാംകണ്ടത്തിൽ പിന്നോക്കസമുദായങ്ങൾക്കായി എത്ര ഏക്കർ സ്ഥലം കൃഷിക്കു കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നു പറയാമോ?

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) മന്നാംകണ്ടം 'എ' ബ്ലോക്കിൽ ഖ ഠ ഠ ഏക്കറും 'ബി' ബ്ലോക്കിൽ ക ഠ ഠ ഏക്കറും സ്ഥലം പിന്നോക്ക സമുദായങ്ങൾക്കായി തിരിച്ചിടപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly